# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3598

10/04/2013 - ലെ മറുപടിയ്ക്ക്

## വരൾച്ച മൂലമുള്ള കൃഷിനാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വരൾച്ച മൂലം കൊല്ലം ജില്ലയിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചുവെന്ന് വിശദമാക്കുമോ; | (എ) ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള ചിറക്കര-പോളച്ചിറ പുഞ്ച, നെടുമ്പന-ചിലവൂർകോണം, നല്ലില, കുണ്ടുമൺ, പരവൂർ - ക്ലാവറ പശുമൺ ഏലാ, ചടയമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള പൂവത്തൂർ, കൈതോട്, മുരുക്കുമൺ, കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള വെളിയം - നെടുവണ, കരീപ്ര - പാട്ടുപുരയ്ക്കൽ, വാക്കനാട്, അഞ്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള അഞ്ചൽ - ആർച്ചൽ ഏലാ, പനയംചേരി, അഗസ്ത്യകോട്, ഏറംമൂലക്കോണം, കുളത്തൂപ്പുഴ - കടമാൻകോട് ഏലാ, ഏരൂർ- കണ്ണമംഗലം, ഇടമുളയ്ക്കൽ - അറക്കൽ, തേവർതോട്ടം, കരവാളൂർ - കല്ലൂപ്പാറ, എന്നീ പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. |
| (ബി) ഇതുമൂലം കൊല്ലം ജില്ലയിലെ നെൽകർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; | (ബി) ഇതുമൂലം 1.6 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (സി) നഷ്ടം സംഭവിച്ച കർഷകർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആശ്വാസ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) പ്രത്യേക ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. <br> വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ |

ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ വഴി സ്വീകരിച്ചു വരുന്നു. വരൾച്ചമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതി ഉപദേശക സമിതി യോഗങ്ങൾ കൂടുകയും, കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, ജലസേചന പദ്ധതിയുടെ വാലറ്റ പ്രദേശങ്ങളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവുവേണ്ട വിളകൾ കൃഷിചെയ്യുവാനും നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 15,240 കിലോ നെൽവിത്ത് സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി നൽകിയിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിന് തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെപ്പറ്റി കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്.

വരൾച്ചമൂലം കാർഷിക വിളകൾക്ക് ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി കൂടുകയും പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ